**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1841** **10.02.2020-ൽ മറുപടിയ്ക്ക്**

**വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം**

| ചോദ്യം<br>ശ്രീ.എം. നൗഷാദ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ (ആർ.സി.) വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പരാതിക്ക് പരിഹാരം കാണാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | ഉണ്ട്. ഡീലർമാർ HSRP update ചെയ്യുന്നതിൽ വരുത്തുന്ന വീഴ്ചയാണ് പുതിയ വാഹനങ്ങളുടെ ആർ.സി.വിതരണം ചെയ്യുന്നതിനുള്ള കാലതാമസത്തിന് കാരണം. എല്ലാ ആർ.ടി.ഒ./ജോയിന്റ് ആർ.ടി.ഒ. വഴി ഡീലർമാർക്ക് ടി വിഷയത്തിൽ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കൊല്ലം ആർ.ടി. ഓഫീസ് പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സമയബന്ധിതമായി വിതരണം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പരാതി പരിഹരിക്കാനായി കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ വാഹനത്തിന്റെ രജിസ്ട്രേഷൻ വാഹൻ എന്ന സോഫ്റ്റ്‌വെയറിലാണ് ചെയ്യുന്നത്. High Security Number Plate നിർബന്ധമാക്കിയതിനു ശേഷം വാഹനത്തിൽ High Security Number Plate ഘടിപ്പിച്ചതായി ഡീലർ/മാനുഫാക്ച്ചറർ വാഹനിൽ രേഖപ്പെടുത്തിയാൽ മാത്രമേ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പ്രിന്റ് ലഭിക്കുകയുള്ളു.<br>വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അയച്ചു നൽകുന്നതിനുള്ള സ്റ്റാമ്പ് പതിച്ച മേൽവിലാസം എഴുതിയ കവറുകൾ അതാത് അപേക്ഷയുടെ ഒപ്പമാണ് അപേക്ഷകൻ സമർപ്പിക്കുന്നത്. ഇത്തരം അപേക്ഷകൾ ഓരോ ദിവസത്തെയും, പ്രത്യേകം കെട്ടുകളായി സൂക്ഷിക്കുകയാണ്. റാൻഡം ആയി രജിസ്ട്രേഷൻ നമ്പർ അലോട്ട്മെന്റ് നടക്കുന്നതിനാൽ ഓരോ ദിവസത്തേയും രജിസ്ട്രേഷൻ നമ്പറുകൾ തുടർച്ചയായിട്ടുള്ളവ ആയിരിക്കുകയുമില്ല. കൂടാതെ ഒരു ദിവസത്തെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രിന്റ് എടുക്കുമ്പോൾ ഏതെങ്കിലും ഒരു വാഹനത്തിന്റെ എങ്കിലും High Security Number Plate അപ്ഡേറ്റ് ചെയ്തിട്ടില്ലെങ്കിൽ ആ ദിവസത്തെ രജിസ്ട്രേഷൻ പ്രിന്റ് ഒരുമിച്ചു എടുക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ ഓരോ ദിവസവും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രിന്റ് ആകാത്ത വാഹനങ്ങളുടെ ഓരോന്നായി High Security Number Plate അപ്ഡേറ്റ് ആയോ എന്ന് പരിശോധിച്ചശേഷം മാത്രം ഓരോരോ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്തു നോക്കേണ്ട സാഹചര്യമാണ്. ഇത് കൂടുതൽ സമയ നഷ്ടം ഉണ്ടാക്കുന്നു. ഈ പ്രശ്നങ്ങൾ കുറെയെങ്കിലും പരിഹരിക്കുന്നതിനായി ഓരോ ദിവസത്തെയും രജിസ്ട്രേഷൻ; നടത്തിയിട്ടുള്ള വാഹനങ്ങളിൽ High Security Number Plate അപ്ഡേറ്റ് ചെയ്തിട്ടുള്ളതും |

| | | | |
|---|---|---|---|
| | | | എന്നാൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രിന്റ് ആകാത്തതുമായ വാഹനങ്ങളുടെ ലിസ്റ്റോ അല്ലെങ്കിൽ ഒരു ദിവസത്തെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രിന്റ് എടുക്കാൻ ശ്രമിക്കുമ്പോൾ അന്നേ ദിവസത്തെ High Security Number Plate അപ്ഡേറ്റ് ആയിട്ടുള്ളതും, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രിന്റ് ആകാത്തതുമായ എല്ലാ വാഹനങ്ങളുടെയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രിന്റ് ഒരുമിച്ച് ലഭ്യമാക്കേണ്ട രീതിയിലോ സോഫ്റ്റ്‌വെയർ പരിഷ്കരിച്ച് തരുവാൻ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>വാഹന ഉടമയ്ക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ കാലതാമസം നേരിടാതിരിക്കുവാനായി ഓരോ ദിവസത്തെയും High Security Number Plate രേഖപ്പെടുത്തിയിട്ടുള്ള പ്രിന്റ് വേഗത്തിൽ നൽകുവാൻ ശ്രദ്ധിച്ച് വരുന്നുണ്ട്. |
| (സി) | പ്രസ്തുത വിഷയത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (സി) | വാഹൻ സോഫ്റ്റ്‌വെയറിലേക്ക് പുതിയ രജിസ്ട്രേഷൻ നടപടികൾ മാറിയപ്പോൾ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രിന്റ് എടുക്കുന്നതിൽ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ കാര്യത്തിൽ ഉദ്യോഗസ്ഥർ ബോധപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**